# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 799

17/07/2014 - ൽ മറുപടിക്ക്

### ജലപാതകളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. കെ.ദാസൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ ജലപാതകളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേരളത്തിൽ ദേശീയ ജലപാതയായ കൊല്ലം -കോട്ടപ്പുറം പാതയുടെ ഇരുവശങ്ങളിലുമുള്ള പാതകളായ കോവളം മുതൽ കൊല്ലം വരെയും, കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള പാതകൾ സംസ്ഥാനജലപാത യായി വികസിപ്പിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയും, നബാർഡ് ധനസഹായത്തോടെയും സംസ്ഥാനഫണ്ട് ഉപയോഗിച്ചും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. സംസ്ഥാന ജലപാത നീലേശ്വരത്തു നിന്നും ഹോസ്ദുർഗ്ഗ് വരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| ബി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത എന്നു മുതൽ ഗതാഗതയോഗ്യമാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) വഴി 2014 ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ ജലപാത നിർമ്മാണ പ്രവൃത്തികൾ ഏകദേശം 90% പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. |
| (സി) കോട്ടപ്പുറം-നീലേശ്വരം, കൊല്ലം-കോവളം ജലപാത വികസിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചെന്ന് അറിയിക്കുമോ? | (സി) | ഉദ്ദേശ്യമുണ്ട്. കൊല്ലം-കോവളം ജലപാത വികസിപ്പിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയും, സ്റ്റേറ്റ് |

ഫണ്ടിന്റെ സഹായത്തോടെയും പലഭാഗങ്ങളിലായി പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. കോവളം - ആക്കുളം കായൽ ഭാഗത്ത് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള പഠനം NATPAC നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൊല്ലം-കോവളം ജലപാതയിൽ പ്രധാനമായും കൊല്ലം തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും വർക്കല ടണലിന്റെ പുനരുദ്ധാരണ പ്രവർത്തനവും നടന്നുവരുന്നു. കോട്ടപ്പുറം-നീലേശ്വരം ജലപാത വികസിപ്പിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ്ഫണ്ട് ഇവയുടെ സഹായത്തോടെ പലഭാഗങ്ങളിലായി പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു. ഈ ജലപാതയിൽ പ്രധാനമായും വടകര-മാഹി കനാലിന്റെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു. കൂടാതെ, ബി.കെ.കനാൽ, താനൂർ-കൂട്ടായി കനാൽ, ഇ.കെ. കനാൽ, പി.സി. കനാൽ ഇവയുടെയും പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു. മാഹി-വളപട്ടണം കനാലിന്റെ പര്യവേക്ഷണം പൂർത്തിയാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ